ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, അമേരിക്കയിലെ ജോർജ്ജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിലെ മലയാളിയായ ഡോക്ടറുടെ ഒരു ലേഖനം വായിക്കാനിടയായി. അതിൽ പറയുന്നത് രോഗം ഡിറ്റക്ട് ചെയ്തുകഴിഞ്ഞാൽ അവിടെവച്ച് അത് തടയാം, ഫർതറായിട്ടുള്ള വളർച്ചയും ശക്തിയും കുറയ്ക്കാം എന്നാണ്. അലോപ്പതിയിൽ ഇത് ഭേദപ്പെടുത്താൻ കഴിയാത്ത സ്ഥിതിയുണ്ട്. ആ നിലയ്ക്ക് നമ്മുടെ ഡോക്ടർമാരെ അമേരിക്കയിലയച്ച് ഇതിനുള്ള പരിശീലനം ലഭ്യമാക്കുന്നതിന് ശ്രമിക്കുമോ ?

ശ്രീ. വി. സി. കബീർ : സർ, ഇതൊരു പുതിയ അറിവാണ്. ആ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യാം.

ഡോ. എം. എ. കുട്ടപ്പൻ : സർ, സുപ്രസിദ്ധ സിനിമാനടനായ ശ്രീ. ബാലൻ കെ. നായർ എല്ലിനെ ബാധിക്കാറുള്ള ക്യാൻസർ രോഗം ബാധിച്ചാണ് മരിച്ചത്. ആർ.സി.സി.യിൽ ഇതിനുള്ള എല്ലാ ചികിത്സയുമുണ്ടെന്ന് അവിടത്തെ ഡോക്ടർ പറയുമ്പോൾ അതിന്റെ ഡയറക്ടർ ശ്രീ. കൃഷ്ണൻനായർ പറയുന്നത് അങ്ങനെയുള്ള ആളുകളെ ഡൽഹിയിൽ കൊണ്ടുപോയി ചികിത്സിപ്പിക്കണമെന്നാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതുസംബന്ധിച്ച് അന്വേഷിക്കുവാൻ തയ്യാറാകുമോ ?

ശ്രീ. വി. സി. കബീർ : സർ, ഇക്കാര്യം പഠിച്ചേ മറുപടി പറയാൻ കഴിയൂ. ആർ.സി.സി.യിൽ ഒരു ശ്രദ്ധ വേണമെന്ന അഭിപ്രായം ഗവൺമെന്റിനുണ്ട്. അവിടെ ഒത്തിരി കുശുമ്പുണ്ട്. കേരളത്തിൽ കിട്ടാവുന്ന ഏറ്റവും നല്ല ചികിത്സയായിരുന്നു ബാലൻ കെ. നായർക്ക് നൽകിയിരുന്നത്. എല്ലാവരും ഇഷ്ടപ്പെടുന്ന ആ നടനെ ഞാനും ആശുപത്രിയിൽ പോയി കണ്ടിരുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്വകാര്യ ബ്ലഡ് ബാങ്കുകൾ

5 (*153) ശ്രീ. എം. ദാസൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് സ്വകാര്യ ബ്ലഡ് ബാങ്കുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾക്ക് വിരുദ്ധമായിട്ടുള്ള ബ്ലഡ് ബാങ്കുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഇ) സ്വകാര്യ ബ്ലഡ് ബാങ്കുകളിൽ രക്തം ആവശ്യപ്പെടുന്നവരിൽ നിന്നും അമിതവില ഈടാക്കി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അമിതവില ഈടാക്കുന്ന ബ്ലഡ് ബാങ്കുകൾക്കെതിരെ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) സർക്കാർ മേഖലയിൽ കൂടുതൽ ബ്ലഡ് ബാങ്കുകൾ ആരംഭിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഇതിനായി ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ)

(എ) ഉണ്ട്. സംസ്ഥാനത്തെ സ്വകാര്യ ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ മേഖല/സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർമാർ കാലാകാലങ്ങളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാരും ഈ സ്ഥാപനങ്ങൾ പരിശോധിക്കുന്നുണ്ട്.

(ബി) 1945-ലെ ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായാണ് ബ്ലഡ് ബാങ്കുകൾക്ക് ലൈസൻസ് അനുവദിക്കുന്നത്. അവയുടെ പ്രധാന ഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(സി & ഡി) ഉണ്ട്. ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ചടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ബ്ലഡ് ബാങ്കുകൾക്കെതിരെ വകുപ്പുതല നടപടികളും നിയമ നടപടികളും സ്വീകരിക്കുന്നുണ്ട്.

(ഇ) ഇല്ല. രക്തത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനായി സ്ക്രീനിംഗ് ടെസ്റ്റുകൾ നടത്തുന്ന ഇനത്തിലും ബ്ലഡ് ബാഗിനുംകൂടി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക 250 മുതൽ 500 രൂപവരെ ആണ്. രക്തത്തിന് നിയമാനുസൃത വില നിയന്ത്രണം കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടില്ല.

(എഫ്) സംസ്ഥാനത്ത് ഇപ്പോൾ 106 ബ്ലഡ് ബാങ്കുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടുതൽ ബ്ലഡ് ബാങ്കുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനിയിലില്ല.

---

† അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[28-2-2001 ലെ നക്ഷത്ര ചിഹ്നമിട്ട 5 (*153)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

രക്തബാങ്കുകൾ ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പ്രധാന നിബന്ധനകളുടെ സംക്ഷിപ്ത വിവരങ്ങൾ

1. സ്ഥലം :

ചുരുങ്ങിയതു 100 ച. മീറ്ററിൽ കുറയാത്ത സ്ഥല വിസ്തീർണ്ണം ഉണ്ടായിരിക്കണം. കെട്ടിടവും പരിസരവും വൃത്തിയും വെടിപ്പും ഉള്ളവയായിരിക്കണം. രക്തദാതാക്കൾ ഇരിക്കുന്നതിനുള്ള വെയിറ്റിംഗ് റൂം, രക്തദാതാക്കളുടെ വൈദ്യപരിശോധനയ്ക്കുള്ള മുറി, രക്തശേഖരത്തിനുള്ള മുറി, രക്തദാനം കഴിഞ്ഞു രക്തദാതാവു വിശ്രമിക്കുന്നതിനും, ലഘുഭക്ഷണം കഴിക്കുന്നതിനും ഉള്ള മുറി, ലാബറട്ടറി, റെക്കോർഡുമുറി തുടങ്ങിയ വിവിധ മുറികൾ പ്രത്യേകം ഉണ്ടായിരിക്കണം. രക്തശേഖരണം, രക്തദാതാവിന്റെ വിശ്രമം, ലാബറട്ടറി എന്നിവ എയർകണ്ടീഷൻ ചെയ്തിരിക്കണം. രക്തഘടകങ്ങൾ വേർപ്പെടുത്തി തയ്യാറാക്കുന്നതിന് 50 ച. മീ വിസ്തീർണ്ണമുള്ള കൂടുതൽ സ്ഥലം വേണം.

(i) <u>യന്ത്രോപകരണങ്ങൾ</u> : ചട്ടങ്ങളിൽ അനുശാസിക്കുന്ന എല്ലാ യന്ത്രോപകരങ്ങളും ആവശ്യമാണ്. ഇവയിൽ പ്രധാനമായവ രക്തത്തിന്റെയും, സീറ, റിയാക്റ്റന്റ് ഇത്യാദി സാധനങ്ങളുടെയും സൂക്ഷിപ്പിനാവശ്യമായ മൂന്നു രക്തബാങ്ക് റഫ്രിജറേട്ടറുകൾ ഉണ്ടായിരിക്കണം. ഇവയിലെ ആന്തരിക ഊഷ്മാവ് 4° മുതൽ 6° ക്ക് ഇടയ്ക്കു നിലനിർത്തണമെന്നുള്ള വ്യവസ്ഥ പാലിക്കുന്നതിനായി ഊഷ്മാവ് മോനിട്ടർ, അലാറാം എന്നീ സംവിധാനങ്ങൾ ഘടിപ്പിച്ചിരിക്കണം. ജനറേറ്റർ സംവിധാനം ഉണ്ടായിരിക്കണം. രക്തദാതാവിന്റെ വൈദ്യ പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ, അടിയന്തിര വൈദ്യശുശ്രൂഷയ്ക്കുവേണ്ട സാധനങ്ങളും ഓക്സിജൻ മുതലായ സജ്ജീകരണങ്ങളും, രക്തദാനവേളയിൽ രക്തദാതാവിന് കിടക്കുന്നതിനാവശ്യമായ പ്രത്യേക കിടക്ക, രക്തശേഖരണത്തിന് ആവശ്യമായ മറ്റു സംവിധാനങ്ങൾ എന്നിവ ഉണ്ടായിരിക്കണം.

(ii) <u>ലാബറട്ടറി</u> : രക്തഗ്രൂപ്പു നിർണ്ണയത്തിനും, രക്ത എച്ച് ഐ വി, മഞ്ഞപ്പിത്തം, മലേറിയ, ലൈംഗികരോഗങ്ങൾ ഇത്യാദി രോഗാണുക്കളിൽ നിന്ന് വിമുക്തമാണെന്നു പരിശോധിക്കുന്നതിനുള്ള പ്രത്യേക മുറികളും, പരിശോധനകൾക്കാവശ്യമായ "എലൈൻ റീഡർ" തുടങ്ങിയ എല്ലാ ഉപകരണങ്ങളും ലഭ്യമായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(iii) സ്റ്റാഫ് : മെഡിക്കൽ ഓഫീസർ : എം. ഡി. പാത്തോളജി ബിരുദാന്തര ബിരുദം അല്ലെങ്കിൽ എം. ബി. ബി. എസ്സും ഒരു വർഷത്തെ ബ്ലഡ് ബാങ്കിൽ പ്രവർത്തി പരിചയം ഉള്ള മുഴുവൻ സമയ മെഡിക്കൽ ഓഫീസർ - ഒരാൾ.

(iv) രജിസ്റ്റേർഡ് നഴ്സ് : ഒരാൾ മുഴുവൻ സമയ ജീവനക്കാരി(രൻ)

ടെക്നീഷ്യൻ : സർക്കാർ അംഗീകൃത മെഡിക്കൽ ലാബറട്ടറി ടെക്നോളജി ബിരുദം അല്ലെങ്കിൽ ഡിപ്ലോമ വിദ്യാഭ്യാസ യോഗ്യതയും ബിരുദധാരിയെങ്കിൽ 6 മാസത്തെ പ്രവർത്തി പരിചയവും ഡിപ്ലോമയെങ്കിൽ ഒരു വർഷത്തെ പ്രവർത്തി പരിചയവും ഉണ്ടായിരിക്കണം. രക്തബാങ്കിന്റെ പ്രവർത്തനത്തിന്റെ സ്വഭാവമനുസരിച്ചു രണ്ട് അല്ലെങ്കിൽ മൂന്ന പേരുടെ സേവനം വേണം.

2. **രക്തത്തിലെ ഘടകങ്ങൾ :**

വേർപ്പെടുത്തി തയ്യാറാക്കുന്നതിന് 50 ച. മീറ്റർ കൂടുതൽ സ്ഥലസൗകര്യവും, റഫ്രിജറേട്ടർ സെൻട്രിഫ്യൂജ്, പ്ലേറ്റ്ലൈറ്റ് അജിറ്റേറ്റർ തുടങ്ങിയ എല്ലാം യന്ത്രോപകരണങ്ങളും വേണം. മെഡിക്കൽ ഓഫീസർ, ടെക്നീഷ്യൻ (പ്രത്യേക ആളുടെ സേവനം വേണം) എന്നിവർക്ക് രക്തത്തിലെ ഘടകങ്ങൾ വേർപ്പെടുത്തുന്നതിലുള്ള പ്രവർത്തി പരിചയം ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly